DESPATCHED
On.02/.11/22



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1274(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.10059/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഒക്ടോബർ 31**

ശ്രീ. തോമസ് എ.വി.,
വെണ്ടോർ, പള്ളിക്കു സമീപം,
അളഗപ്പനഗർ പി.ഒ.,
തൃശ്ശൂർ, പിൻ – 680 302. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത്,
   അളഗപ്പനഗർ പി.ഒ.,
   തൃശ്ശൂർ, പിൻ – 680 302.

2. അപ്പീൽ അധികാരി &
   പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ
   പുതുക്കാട്, യൂണിറ്റ്-6,
   അളഗപ്പനഗർ പി.ഒ.,
   തൃശ്ശൂർ, പിൻ – 680 302.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 22.1.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.2.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 26.3.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 18.4.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28.2.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 30.6.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.7.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 8.8.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 19.10.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ | ഹാജരായി |

**ഉത്തരവ്**

ശ്രീ. തോമസ് എ.വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച

വിവരാവകാശ അപേക്ഷയ്ക്കും രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്കും സമയബന്ധിതമായി മറുപടി നൽകിയില്ലെന്നു മാത്രമല്ല ലഭിച്ച മറുപടി വാസ്തവവിരുദ്ധമാണെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് സത്യവും വ്യക്തവുമായ മറുപടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 22.1.2022 ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. നമ്പർ 10/22 തീയതി 10.1.2022 കടമുറി ലേലം, 12.01.22 ൽ മലയാള മനോരമ പത്രത്തിൽ പരസ്യപ്പെടുത്തിയപോലെ 19.01.22-ൽ 11 എ.എം. ന് അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ വച്ച് ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ഓപ്പൺ ലേലം ചെയ്തിരുന്നുവോ എന്നും

ii. ടി ലേലം നടത്തുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നുവോ എന്നും ഉണ്ടെങ്കിൽ അവരുടെ പദവി ഉൾപ്പെടെ ആരെല്ലാമാണെന്നും രേഖ ഉൾപ്പെടെ നൽകണമെന്നും

iii. ലേലത്തിൽ എത്ര പേർ പങ്കെടുത്തിരുന്നു എന്നും ലേലം നടന്നുവെങ്കിൽ എത്ര രൂപയ്ക്ക് മാസ വാടക നിശ്ചയിച്ച് ആർക്കാണ് കൊടുത്തതെന്നും മറ്റുമായി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 19.2.2022-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടി മറുപടി ഹർജിക്കാരന് ലഭിച്ചത് 28.2.2022 നാണെന്നും ആയത് ഗുരുതരമായ വീഴ്ചയാണെന്നും കൂടാതെ വ്യക്തമായ ഉത്തരങ്ങൾ നൽകാതെ അവ്യക്തമായതും പൂർണ്ണമല്ലാത്തതുമായ മറുപടിയാണ് നൽകിയതെന്നും പരാതിപ്പെട്ടുകൊണ്ട് ഹർജിക്കാരൻ 26.3.2022-ന് നൽകിയ അപ്പീൽ തീർപ്പാക്കി 18.4.2022-ന് പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, കാലതാമസം ആവർത്തിക്കരുതെന്നും വീഴ്ചകൾ സംഭവിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നു എന്നും കൂടാതെ ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടി ഒന്നുകൂടി പരിശോധിച്ച് ആയതിന്റെ വിവരങ്ങൾ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം സൗജന്യമായി ഹർജിക്കാരന് നൽകേണ്ടതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 16.8.2022 ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ 22.1.2022 തീയതി രേഖപ്പെടുത്തി എതിർകക്ഷി ഓഫീസിൽ നൽകിയ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിൽ

ആവശ്യപ്പെട്ടിരുന്നത് എതിർകക്ഷി ഓഫീസിൽ വച്ച് 19.01.2022 തീയതിയിൽ നടത്തിയ ലേലം സംബന്ധിച്ച വിവരങ്ങളാണെന്നും ആയത് ലഭ്യമാക്കുന്നതിനായി ലേലത്തിന്റെ ചുമതലയുള്ള ക്ലാർക്കിന് മറുപടിയ്ക്കായി നൽകിയിട്ടുള്ളതാണെന്നും എന്നാൽ പ്രസ്തുത ക്ലാർക്കിന് ടി കാലയളവിൽ അഞ്ചു വാർഡുകളുടെ കെട്ടിട നികുതി പിരിവു ചുമതലയും, ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഭവനങ്ങളുടെ ഫീൽഡ്തല പരിശോധനയും ഉണ്ടായിരുന്നു എന്നും 100% തീവ്രനികുതി പിരിവും, ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഭവനങ്ങളുടെ ഫീൽഡ്തല പരിശോധനയും ഉണ്ടായിരുന്നതിനാൽ 18.2.2022 തീയതിയിലാണ് ടിയാന് റിപ്പോർട്ട് സമർപ്പിക്കുവാൻ സാധിച്ചുള്ളു എന്നും എങ്കിലും 19.2.2022 തീയതിയിൽ തന്നെ അപേക്ഷകന് സാധാരണ തപാലിൽ മറുപടി അയച്ചിട്ടുള്ളതാണെന്നും തുടർന്ന് അപേക്ഷകൻ 26.3.2022 തീയതി നൽകിയ അപ്പീലിന്മേൽ ഒന്നാം അപ്പീൽ അധികാരി 18.4.2022 തീയതി നേർവിചാരണ നടത്തുകയും ആയതിന് ഹാജരായപ്പോൾ മാത്രമാണ് ടിയാന് മറുപടി വൈകിയാണ് ലഭിച്ചതെന്ന് അറിയാൻ സാധിച്ചതെന്നും മന:പൂർവ്വമല്ലാത്ത കാലതാമസത്തിന്റെ കാരണം അപേക്ഷകനെ അറിയിക്കുകയും ഒന്നാം അപ്പീൽ അധികാരി ഉത്തരവിട്ടതിൽ പ്രകാരമുള്ള രേഖയുടെ പകർപ്പ് ആമുഖക്കത്ത് സഹിതം സൗജന്യമായി അപേക്ഷകന് നൽകിയിട്ടുള്ളതും ആയത് അപേക്ഷകൻ കൈപ്പറ്റുകയും ചെയ്തിട്ടുള്ളതുമാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിക്കുകയും ഒന്നാം എതിർക്ഷിയേയും പരാതിക്കാരനായ ശ്രീ. തോമസ് എ.വി.യേയും അദ്ദേഹത്തെ അനുഗമിച്ച സഹായിയേയും നേരിൽ കേൾക്കുകയുമുണ്ടായി. ഒന്നാം എതിർകക്ഷിയോടൊപ്പം അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റും നേർകൂടിക്കാഴ്ചയിൽ ഹാജരാകുകയുണ്ടായി. എന്നാൽ എതിർകക്ഷി കടമുറികളുടെ ലേലവുമായി ബന്ധപ്പെട്ട് ഫയലുകൾ കൊണ്ടു വരാത്തതിനാൽ കടമുറികളുടെ ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ അടിയന്തിരമായി ഹാജരാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിൻപ്രകാരം ലേലവുമായി ബന്ധപ്പെട്ട രേഖകൾ കമ്മീഷന് ലഭ്യമാക്കുകയുണ്ടായി. ആയതും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ വിവരാവകാശ നിയമ പ്രകാരം നൽകാവുന്ന മറുപടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ അധികാരിയും നൽകിയതായി കാണുന്നു. എന്നാൽ പരാതിക്കാരൻ പരാതി ഉന്നയിക്കുന്ന കടമുറി ലേലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് വിവരാവകാശ നിയമം വഴി പരിഹരിക്കാൻ കഴിയില്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ കടമുറി ലേലവുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം കാണുന്നതിന് പരാതിക്കാരൻ അനുയോജ്യമായ ഉദ്യോഗസ്ഥതലത്തിൽ പരാതി നൽകി പ്രശ്നം പരിഹരിക്കാൻ ടിയാനോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. എന്നാൽ അളഗപ്പനഗർ ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട കടമുറി

ലേലത്തിൽ എന്തെങ്കിലും ക്രമക്കേട് നടത്തിയിട്ടുണ്ടെങ്കിൽ ആയത് അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പു സെക്രട്ടറി/ഡയറക്ടർ ഓഫ് പഞ്ചായത്ത് എന്നിവരോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. ആയതിലേയ്ക്കായി ഉത്തരവിന്റെ പകർപ്പ് ടിയാൻമാർക്ക് കമ്മീഷൻ സെക്രട്ടറി അയച്ചു നൽകേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ 31-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി

bnk